80/E81-/2018

ഭരണഭാഷ–മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഇ3-2100/2008/സിഇ/തസ്വഭവ

തീയതി : 09.03.2018

# സർക്കുലർ

വിഷയം:- തസ്വഭവ - ജീവനക്കാര്യം - അവധിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ അവധികൾ റദ്ദാക്കി ജോലിയിൽ പ്രവേശിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിൽ എത്തി നിൽക്കുന്ന സാഹചര്യത്തിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം **വകുപ്പിൽ വിവിധ അവധികളിൽ പ്രവേശിച്ചിട്ടുള്ള (ദീർഘ കാല ശൂന്യവേതന അവധികൾ, Appendix XII A, XII B, XII C ഒഴികെ) മുഴുവൻ ജീവനക്കാരുടെയും അനുവദിച്ച അവധികൾ റദ്ദാക്കി 12.03.2018-ന് തന്നെ ജോലിയിൽ പ്രവേശിക്കേണ്ടതും, മാർച്ച് 31 വരെ യാതൊരുവിധ അവധികളും നിയന്ത്രണാധികാരികൾ അനുവദിക്കാൻ പാടില്ലാത്തതുമാണ്.** ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിൽ നിയന്ത്രണാധികാരിയ്ക്ക് ഉത്തമ ബോധ്യമുള്ളപക്ഷം അവധി അനുവദിക്കാവുന്നതും, ടി വിവരം അപ്പോൾ തന്നെ ചീഫ് എഞ്ചിനീയറെ നേരിൽ അറിയിക്കേണ്ടതുമാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടുകൂടി അവധിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ രേഖകൾ ഉടനടി മെഡിക്കൽ ബോർഡിന് മുൻപാകെ ഹാജരാക്കുന്നതിനും നിയന്ത്രണാധികാരികളെ ചുമതലപ്പെടുത്തിക്കൊള്ളുന്നു.

മേൽ പ്രസ്താവിച്ച വിവിധ അവധികളിൽ ഇതിനോടകം പ്രവേശിച്ച ജീവനക്കാരുടെ വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച് ഇന്ന് വൈകുന്നേരം **3 മണിക്ക്** മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ടി അടിയന്തിര സാഹചര്യത്തിൽ **സാങ്ഷൻ** ചെയ്ത അധികാരികൾ അവധികൾ റദ്ദ് ചെയ്ത് 12.03.2018-ൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വിവിധ സ്ഥലംമാറ്റ ഉത്തരവുകൾ പാലിച്ച് ജോലിയിൽ പ്രവേശിക്കാത്ത ജീവനക്കാർക്കും, വിടുതൽ ചെയ്യാത്ത നിയന്ത്രണാധികാരികൾക്കുമെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. 12.03.2018-ന് രാവിലെ തന്നെ ജോലിയിൽ തിരികെ പ്രവേശിച്ച ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട നിയന്ത്രണാധികാരികളെ ഇതിനാൽ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യാത്ത നിയന്ത്രണാധികാരികളുടെ വീഴ്ചയെ വളരെ ഗൗരവത്തോടെ കാണുകയും സർക്കാർ തലത്തിൽ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്യുന്നതുമായിരിക്കും. **മേൽപ്പറഞ്ഞ വിവരങ്ങൾ നടപ്പിലാക്കി 12.03.2018-ന് 12 മണിയ്ക്ക് മുൻപായി ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.**

ചീഫ് എൻജിനീയർ

മുഴുവൻ നിയന്ത്രണാധികാരികളുടെയും
ജീവനക്കാരുടെയും അറിവിലേക്ക്

പകർപ്പ് : ബഹു. തസ്വഭവ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

## Details of incumbents who had entered on leave

| Name | Designation | Office | Nature of Leave | Duration of leave | Date of re-joining duty after cancelling leave | Incumbents who had joined duty consequent on transfer |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

**Controlling Officer**